**കേരള സർക്കാർ**

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

നം. **19/2018/ധന** തിരുവനന്തപുരം, തീയതി **17.03.2018**

## സർക്കുലർ

വിഷയം - ഭരണവകുപ്പ് ശുപാർശ ചെയ്യാതെ കത്തുകൾ നേരിട്ട് സെക്ഷനിൽ സ്വീകരിക്കുന്ന നടപടി - സംബന്ധിച്ച്

പരാമർശം - 1. 24.06.2017 ലെ സ.ഉ. (സാധാ) നം.5180/2017/ധന. & 26.02.2018
2. സ.ഉ. (സാധാ) നം. 1510/2018/ധന (EXP-B1/46/2016-FIN Comp No: 183704)
3. Computer No: 706394 File No: SL-2/20/2018-FIN &Comp No: 738441 File No: EDN-C3/40/2018-FIN (Mal. Mission)
4. Computer No: 701193 File No: SL-2/7/2018-FIN & Computer No: 744223 File No: I&PW-A2/52/2018-FIN (CE)

ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിക്കുന്നതിനുള്ള ശുപാർശകൾ, റ്റി എസ് ബി/ ബാങ്ക് അക്കൗണ്ടുകൾ തുറക്കാനുള്ള അനുമതി അപേക്ഷകൾ തുടങ്ങിയവ വകുപ്പ തലവനോ ഭരണവകുപ്പോ അറിയാതെ ധനകാര്യ വകുപ്പിൽ നേരിട്ട് ലഭ്യമാക്കുന്നതുവഴി ഫയൽ ഇരട്ടിപ്പും കൂടാതെ സർക്കാർ ഉത്തരവുകൾ നിരന്തരം തിരുത്തേണ്ടതായ സാഹചര്യവും ഉണ്ടാകുന്നു. വകുപ്പ മേധാവിയുടെ അറിവോ സമ്മതമോ കൂടാതെ ഭരണപരമായ വിഷയങ്ങളിൽ നേരിട്ട് സർക്കാരുമായി കത്തിടപാടുകൾ നടത്തുന്നത് അച്ചടക്കലംഘനവുമാണ്. പരാമർശത്തിലെ ഉത്തരവുകൾ / ഫയലുകൾ ഇതിനു ചില ഉദാഹരണങ്ങളാണ്.

മേൽ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി വകുപ്പ തലവന്റെ അപേക്ഷകൾ, ഭരണ വകുപ്പിന്റെ വ്യക്തമായ ശുപാർശയോടെ, ധനവകുപ്പിന്റെ അതാതു വിംഗുകൾ വഴി മാത്രം ധനവകുപ്പിന്റെ ബന്ധപ്പെട്ട സെക്ഷനുകളിൽ ലഭ്യമാക്കുവാൻ എല്ലാ വകുപ്പ് മേധാവികളും ശ്രദ്ധിക്കേണ്ടതാണെന്നും, അത്തരത്തിലല്ലാതെ ലഭിക്കുന്നവ തിരികെ അയക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

**മിൻഹാജ് ആലം IAS**
ധനകാര്യ റിസോഴ്സ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ തലവൻമാർക്കും
സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും,
ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ